**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761** **17-09-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സ്ഥലം ഏറ്റെടുക്കുന്നതിനായി, സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പാലായുടെ കത്ത് പ്രകാരം 2,12,500/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ സർക്കാരിലേക്ക് അടച്ചിട്ടുണ്ട്. പിണ്ണാക്കനാട് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഗസറ്റ് നോട്ടിഫിക്കേഷൻ 11.09.2025-ന് ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, 01.03.2025-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (കൈ)നം. 60/2025/RD യിലെ വ്യവസ്ഥകൾക്കനുസൃതമായി, Establishment charges ഒഴിവാക്കുന്നതിനായുള്ള കെ എസ് ഇ ബി എല്ലിന്റെ അപേക്ഷ നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കെ.എസ്. ഇ. ബി. എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ